**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1550** **08-12-2022 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ വിജയിച്ചവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ എഴുതി വിജയിച്ചവർക്ക് തുടർപഠനത്തിന് സഹായകരമാകും വിധത്തിൽ കാലതാമസമില്ലാതെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 2022 ആഗസ്റ്റിൽ തുല്യതാ പരീക്ഷകൾ എഴുതുകയും ടി പരീക്ഷകളിൽ പാസാകുകയും ചെയ്തിട്ടുള്ള പഠിതാക്കൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് അടിയന്തരമായി അനുവദിച്ചു നൽകുന്നതിനുള്ള സത്വര നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | എസ്.എസ്.എൽ.സി., പ്ലസ് ടു തുല്യതാ പരീക്ഷകളിൽ വിജയിച്ചവർക്ക് യഥാസമയം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാത്തതിനാൽ ഡിഗ്രി തുടങ്ങിയ ഉപരിപഠനത്തിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. തുല്യതാ പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപരിപഠനത്തിനായി സർട്ടിഫിക്കറ്റ് അടിയന്തരമായി ആവശ്യപ്പെട്ട പഠിതാക്കൾക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് യഥാസമയം അനുവദിച്ചു നൽകിയിട്ടുണ്ട് . |
| (സി) | സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ യഥാസമയം വിതരണം ചെയ്യുന്നു എന്ന് സർക്കാർ ഉറപ്പുവരുത്തുമോ; അറിയിക്കുമോ? | (സി) | തുല്യതാ പഠിതാക്കളുടെ സർട്ടിഫിക്കറ്റ് പ്രിന്റിംഗ് പ്രവൃത്തികൾ കോൺഫിഡൻഷ്യൽ പ്രസ്സിൽ പൂർത്തികരിച്ച് വരുന്നതും, താമസംവിന പരീക്ഷാ കേന്ദ്രങ്ങൾ വഴി വിതരണം നടത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ